പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2395 — 18.06.2014-ലെ മറുപടിക്ക്

## പരിയാരം മെഡിക്കൽ കോളേജ് ഏറ്റെടുക്കൽ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ടി.വി രാജേഷ് | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) കണ്ണൂർ ജില്ലയിലെ പരിയാരം മെഡിക്കൽ കോളേജ് സർക്കാർ ഏറ്റെടുക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | എ) പരിയാരം മെഡിക്കൽ കോളേജുമായി ബന്ധപ്പെട്ട കേസുകൾ ബഹു. ഹൈക്കോടതി തീർപ്പാക്കിയതിനാൽ കോളേജ് സർക്കാർ ഏറ്റെടുക്കുന്ന വിഷയം വിശദമായി പരിശോധിച്ചു വരുന്നു. |
| ബി) ഇതു സംബന്ധിച്ച് ബഹു. ഹൈക്കോടതിയിൽ നിലനിൽക്കുന്ന സത്യവാങ്മൂലത്തിന്റെ കോപ്പി ലഭ്യമാക്കാമോ; | ബി) പകർപ്പുകൾ ഉള്ളടക്കം ചെയ്യുന്നു. |
| സി) കൊച്ചി മെഡിക്കൽ കോളേജ് സർക്കാർ ഏറ്റെടുത്തപ്പോൾ കഴിഞ്ഞ സാമ്പത്തിക വർഷം എന്തുതുകയാണ് അനുവദിച്ചത്; വിശദാംശം നൽകുമോ; | സി) കൊച്ചി മെഡിക്കൽ കോളേജിന് കഴിഞ്ഞ സാമ്പത്തിക വർഷം തുക അനുവദിച്ചില്ല. |
| ഡി) പ്രസ്തുത മെഡിക്കൽ കോളേജ് ജീവനക്കാരെ സർക്കാർ ജീവനക്കാരായി പരിഗണിച്ചിട്ടുണ്ടോയെന്നും ഇവിടുത്തെ ജീവനക്കാർക്ക് സർക്കാർ മെഡിക്കൽ കോളേജിനു തുല്യമായ ശമ്പളസ്കെയിൽ തന്നെയാണോ അനുവദിച്ചിട്ടുള്ളതെന്നും അറിയിക്കുമോ; ഇവർക്കുള്ള ശമ്പളം ഏത് ഹെഡ്ഡിൽ നിന്നാണ് നൽകുന്നതെന്നുള്ള വിശദാംശം നൽകുമോ? | ഡി) ഇതു സംബന്ധിച്ച് അന്തിമ തീരുമാനം എടുത്തിട്ടില്ല. |

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**

സെക്ഷൻ ഓഫീസർ